പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1371 30.9.2011-ൽ മറുപടിയ്ക്ക്

" മെക്കനൈസ്ഡ് ലേബർ ബാങ്ക് (ആഗ്രോ തൊഴിൽസേന)"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ:<br>ശ്രീ.ഇ.കെ.വിജയൻ:<br>ശ്രീ.ഇ.ചന്ദ്രശേഖരൻ:<br>ശ്രീ.കെ.അജിത്: | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മെക്കനൈസ്ഡ് ലേബർ ബാങ്ക് (ആഗ്രോ തൊഴിൽ സേന) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | എ) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തിരുവനന്തപുരത്തെ കോട്ടയ്ക്കകത്തുള്ള ഡിസ്ട്രിക്ട് ഓഫീസിനോടനുബന്ധിച്ച് മെക്കനൈസ്ഡ് ലേബർ ബാങ്ക് (അഗ്രോ തൊഴിൽ സേന) എന്ന പദ്ധതി സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 2011 ആഗസ്റ്റ് 29-ന് ഉദ്ഘാടനം ചെയ്തു. |
| ബി) ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കുമോ; | ബി) കാർഷിക മേഖലയിൽ ഇന്നനുഭവിക്കുന്ന തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനും കാർഷിക മേഖലയിൽ നിന്നും വിട്ടുനിൽക്കുന്ന യുവതിയുവാക്കൾക്ക്, കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകളിലും, കാർഷിക യന്ത്രങ്ങളിലും ആവശ്യമായ പരിശീലനം നൽകി. അവരുടെ സേവനം ഉപയോഗിച്ച് കൃഷിരീതി കൂടുതൽ ലളിതവും ലാഭകരവുമാക്കി മാറ്റുക, കാർഷിക തൊഴിലിന്റെ നിലവാരം ഉയർത്തി കൂടുതൽ ജനങ്ങളെ ഇതിലേയ്ക്ക് ആകർഷിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയകൃഷിവികാസ് യോജനയിൽ ഉൾപ്പെടുത്തി ' മെക്കനൈസ്ഡ് ലേബർ ബാങ്ക് (അഗ്രോ തൊഴിൽ സേന) എന്ന ഒരു പുതിയ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിരിക്കുന്നു. ആദ്യപടിയായി തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ യൂണിറ്റിലും 20 മുതൽ 30 വരെ ആളുകൾക്ക് ട്രാക്ടർ, പവർ ടില്ലർ, ഗാർഡൻ ടില്ലർ, ബ്രഷ് കട്ടർ, തെങ്ങുകയറ്റ യന്ത്രം, പമ്പ്സെറ്റ്, ലാൺമോവർ, സ്പ്രെയർ തുടങ്ങിയ യന്ത്രങ്ങളിൽ പരിശീലനം നൽകി വിവിധ ഗ്രൂപ്പുകളായി തിരിച്ച് കർഷകർക്ക് ആവശ്യാനുസരണം മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. കാർഷിക മേഖലയിലേയ്ക്ക് കടന്നുവരുവാൻ മടിച്ചുനിൽക്കുന്ന ചെറുപ്പക്കാരെ ഉൾപ്പെടുത്തി |

| | |
|---|---|
| | നൂതന കാർഷിക യന്ത്രങ്ങളിൽ പരിശീലനം നൽകി കാർഷികമേഖലയിലേയ്ക്ക് യന്ത്രങ്ങളുമായി വിന്യസിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ ഇന്നനുഭവപ്പെടുന്ന തൊഴിലാളി ക്ഷാമം ഇത്തരത്തിലുള്ള സേനകളെ ഉപയോഗപ്പെടുത്തി പരിഹരിക്കാവുന്നതാണ്. |
| സി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; ഇതിൽ അംഗങ്ങളാകുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | സി) ആദ്യപടിയായി തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലാണ് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഈ പദ്ധതി തുടങ്ങിയത്. പരിശീലന സമയത്ത് ദിവസേന ഓരോ സേനാംഗത്തിനും 200 രൂപ സ്റ്റൈപെന്റായി നൽകുന്നു. തൊഴിൽ എടുക്കുന്ന ദിവസങ്ങളിൽ പ്രവൃത്തിയെ ആശ്രയിച്ച് മണിക്കൂർ വേതനം നൽകുന്നതാണ്. |
| ഡി) ഈ കർമ്മസേനയിൽ പരിശീലനം കഴിഞ്ഞിറങ്ങുന്നവരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും സ്ഥിരമായി ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യം നൽകുന്നതിനും ശ്രമിക്കുമോ? | ഡി) നൂതന കാർഷിക യന്ത്രങ്ങളിൽ വേണ്ടത്ര പരിശീലനം നൽകി കഴിയുന്നത്ര ചെറുപ്പക്കാരെ കാർഷിക മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനാണ് ശ്രമിക്കുന്നത്. പരിശീലനം ലഭിച്ച തൊഴിൽസേനാംഗങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് സ്വകാര്യ വ്യക്തികൾക്കും അവരുടെ കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

0